# മരിച്ച നീതിമാന്മാർ നേരെ സ്വർഗത്തിൽ പോകുമോ?

കണ്ണുനീരൊഴുകുന്ന മുഖത്തോടുകൂടെ ഒരു കുട്ടി ചോദിക്കുന്നു, “എന്റെ അമ്മ എവിടെ?” ആ കുട്ടിയെ നിങ്ങളുടെ കയ്യിലെടുത്തു മൃദുവായ സ്വരത്തിൽ തലോടിക്കൊണ്ട് പറയുന്നു, “അവർ സ്വർഗത്തിലാണ്.” വിധവയായി തീർന്ന തലനരച്ച ഒരു സ്ത്രീയെ നിങ്ങൾ സന്ദർശിക്കുന്നു. അവളുടെ ഭർത്താവിന്റെ അവസാന സമയങ്ങളിലെ പ്രയാസത്തെ കുറിച്ച് നിങ്ങൾ സംസാരിക്കുന്നു. നിങ്ങൾ അവരുടെ കയ്യിൽ തട്ടി പറയും, “ഇപ്പോൾ അദ്ദേഹം ദൈവത്തോടുകൂടെ ആകയാൽ, ക്ഷേമമായിരിക്കും.” അത്തരം വാക്കുകൾ മരിച്ചവരുടെ അവസ്ഥയെ കുറിക്കുന്ന വേദശാസ്ത്ര പ്രസ്താവനകളാണോ? അല്ല, അവ തനിക്കുള്ളവരെ ദൈവം കരുതുമെന്നും ഈ ലോകജീവിതം അവസാനമല്ല എന്നുമുള്ള, മരിച്ചവരുടെ അവസ്ഥയെ കുറിക്കുന്ന വാക്കുകളാണ്.

കൊരിന്ത്യർക്ക് എഴുതുമ്പോൾ, പൊലൊസ് പറഞ്ഞു, “ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട് ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ കൂടുതൽ ഇഷ്ടപ്പെടുന്നു” (2 കൊരിന്ത്യർ 5:8). ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ പൗലൊസ് പറഞ്ഞു, “എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്ക് ഫലം വരുമെങ്കിൽ, ഏതു തിരഞ്ഞെടുക്കേണ്ടു എന്ന് ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു” (ഫിലിപ്പിയർ 1:22, 23). ഈ രണ്ടു വേദഭാഗങ്ങളിലും പൗലൊസ് പറയുന്നത്, യേശു മരിക്കയും ഉയർക്കുകയും ചെയ്തതുകൊണ്ട്, മരിച്ച നീതിമാന്മാർ നേരെ സ്വർഗത്തിൽ പോകുമെന്നാണോ? അതിനുപകരം, ഒരുപക്ഷെ, അതിനെ നാം ഇന്നുപയോഗിക്കുന്ന - ഭാഷപോലെ[1] മനസിലാക്കണം.

ആ രണ്ടുവേദഭാഗങ്ങളും, മരിച്ചവരുടെ അവസ്ഥയെകുറിച്ച് ഒരു പുതിയ ഉപദേശം നൽകുവാനാണ് പറഞ്ഞതെന്ന് ചില ഉപദേഷ്ടാക്കന്മാരും പ്രാസംഗികന്മാരും വിശ്വസിക്കുന്നുണ്ടെന്ന്, അടുത്ത സമയത്താണ് ഞാൻ അറിഞ്ഞത്. അവരുടെ ആ സ്ഥാനത്തെ കുറിച്ചുള്ള എന്റെ അറിവ് പരിമിതമാണെന്ന് ഞാൻ സമ്മതിക്കുന്നു. നിങ്ങൾ നിർണ്ണായകമെന്ന് കരുതുന്ന വിഷയങ്ങൾ ഞാൻ കൈകാര്യം ചെയ്തില്ലെങ്കിൽ, അതു മനപ്പൂർവ്വമല്ല എന്നു പറയട്ടെ.

എനിക്ക് ലഭ്യമായ വസ്തുതകൾ വെച്ച്, ഇതിനെ സംബന്ധിച്ച് വിവിധ വേദഭാഗങ്ങൾ, എനിക്ക് കാണുവാൻ കഴിയുന്നേടത്തോളം, ആ വിഷയത്തിൽ ഉടനെ ഞാൻ ഒന്നും ചെയ്യുന്നില്ല. ഇതാ ഒരു ഉദാഹരണം.

- *എബ്രായർ 2:14*. യേശു മരിക്കുന്നതിന് മുൻപ് സാത്താന് പാതാളലോകത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിയുമായിരുന്നു. തെളിവായ വേദഭാഗമാണ് എബ്രായർ 2:14, അവിടെ പറയുന്നത്, സാത്താന് “മരണത്തിന്റെ ശക്തിയാണുള്ളത്” എന്നാണ്. എങ്ങനെയായാലും,

സാത്താന് പാതാളത്തിൽ ഒരു സ്വാധീനവും ചെലുത്തുവാൻ കഴിയുമെന്ന് ആ വാക്യം പറയുന്നില്ല. പകരം, അവിടെ പറയുന്നത്, സാത്താന് ആളുകളെ കൊല്ലുവാനുള്ള ശക്തി ഉണ്ടായിരുന്നു (ഇപ്പോഴുമുണ്ട്) എന്നാണ് (മനുഷ്യരെ ഉപയോഗിച്ചുകൊണ്ട്). ശരീരത്തെ കൊന്ന ശേഷം (സാത്താനാൽ) ശരീരം വിട്ട ആത്മാവിന്മേൽ പിശാചിന്ന് ഒന്നും ചെയ്‌വാൻ സാധ്യമല്ല.

- *മത്തായി 12:24-29.* താൻ ഭൂതങ്ങളുടെതലവനായ ബെയെൽസെബൂലിനെ കൊണ്ട് ഭൂതത്തെ പുറത്താക്കുന്നു എന്നു കുറ്റം ചുമത്തിയതിനോട് പ്രതികരിച്ചു കർത്താവ് പറഞ്ഞു, "...ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പ് കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചുകെട്ടിയാൽ പിന്നെ അവന്റെ വീട് കവർച്ച ചെയ്യാം" (മത്തായി 12:29). യേശു പാതാളത്തിൽ പ്രവേശിച്ചു എന്ന അവകാശം ("ബലവാന്റെ വീട്") അവൻ മരിച്ചപ്പോൾ, മരിച്ച നീതിമാന്മാരെ പുറത്തു കൊണ്ടുവന്നു (സാത്താന്റെ "കോപ്പ്"). ഈ സാങ്കല്പിക വ്യാഖ്യാനത്തിന് സന്ദർഭവുമായി ബന്ധമില്ല. ജീവനുള്ളവരിൽ ഭൂതം ബാധിച്ചതിനെയാണ് ആ വാക്യം പറയുന്നത്[2] (മത്തായി 12:24-29).
- *എഫെസ്യർ 4:8.* മറ്റൊരു വാക്യമാണ് എഫെസ്യർ 4:8, അതു സങ്കീർത്തനങ്ങൾ 68:18 ഉദ്ധരിച്ചതാണ്: "നീ ഉയരത്തിലേക്ക് കയറി, ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി, മനുഷ്യരോട് കാഴ്ച്ച വാങ്ങിയിരിക്കുന്നു.'' ബദ്ധന്മാരെന്നു പറഞ്ഞിരിക്കുന്നത് നീതിമാന്മാരാണെന്നുപിശാച് അവരെ പാതാളത്തിൽ ബദ്ധരാക്കി,എന്നാൽ യേശു സ്വർഗാരോഹണം ചെയ്തപ്പോൾ അവരെ സ്വർഗത്തിലേക്ക് നയിച്ചു എന്നാണ് ചിലർ വിശ്വസിക്കുന്നത്. ആ ഉദ്ദേശം വേദഭാഗത്തോ അല്ലെങ്കിൽ സന്ദർഭത്തിലോ ഇല്ല. വലിയ ഒരു വിജയത്തിനുശേഷം രാജാവ് തന്റെ മാതൃപട്ടണത്തിലേക്ക് മടങ്ങി വരുന്നതിനെ കുറിച്ചുള്ളതാണ് ചിത്രീകരണം (2 കൊരിന്ത്യർ 2:14-16 മായി താരതമ്യം ചെയ്യുക). രാജാവിന്റെ ശത്രുക്കളെയാണ് അത്തരത്തിൽ പരേഡായി കൊണ്ടുപോകുന്നത്. ആ വാക്യങ്ങൾ പറയുന്നത് യേശു ക്രൂശിൽ മരിച്ചപ്പോൾ, തന്റെ ശത്രുക്കളെ നാടകീയമായി പരാജയപ്പെടുത്തിയതിനെയാണ് സൂചിപ്പിക്കുന്നത്, അങ്ങനെ അവൻ തന്റെ ആളുകൾക്ക് ദാനങ്ങൾ കൊടുപ്പാൻ യോഗ്യനായി. സന്ദർഭത്തിൽ, ജീവിക്കുന്നവർക്ക് നൽകുന്ന ആത്മിയദാനങ്ങളെയാണ് പറയുന്നത് (എഫെസ്യർ 4:7-13).

അവസാന തരംതിരിക്കലിൽ, മുൻപ് പറഞ്ഞ രണ്ട് മുഖ്യതെളിവുകൾ കാണാം: 2 കൊരിന്ത്യർ 5:8 ഉം ഫിലിപ്പിയർ 1:23 ഉം.[3] കർത്താവിനോടുകൂടെ എന്നും ക്രിസ്തുവിനോടുകൂടെ എന്നതിനും ഇടക്ക് മരിച്ചവരുടെ ആത്മാക്കൾക്കുള്ള സ്ഥാനവും തമ്മിൽ യോജിപ്പിലെത്താവുന്ന വഴി ഒന്നുമില്ലേ?[4] *ഈ ലോകത്തിലും* ക്രിസ്ത്യാനികൾ "ക്രിസ്തുവിനോടുകൂടെ" ആണെന്ന് പുതിയ നിയമം വ്യക്തമാക്കുന്നു. രണ്ടോ മൂന്നോ പേർ അവന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും അവരുടെ മദ്ധ്യത്തിൽ താനുണ്ടാകുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 18:20). "ഞാനോ എല്ലാ നാളും

നിങ്ങളോടുകൂടെ ഉണ്ട്" എന്ന് അവൻ പറഞ്ഞിട്ടുണ്ട് (മത്തായി 28:20). "കർത്താവ് നിങ്ങളോടുകൂടെ ഉണ്ടാകുമാറാകട്ടെ" എന്ന് പൗലൊസ് പ്രാർത്ഥിച്ചു (2 തെസലൊനിക്യർ 3:16), അതു ക്രിസ്ത്യാനികൾ ജീവനോടുകൂടെ ഇരിക്കുമ്പോഴാണ്. തീർച്ചയായും, കർത്താവ് നമ്മോടുകൂടെയുള്ളത് നാം മരിക്കുമ്പോൾ അവസാനിക്കുന്നില്ല. വാസ്തവത്തിൽ, നാം "കർത്താവിൽ മരിക്കുകയാണെങ്കിൽ," നമുക്ക് അവനോടുള്ള ബന്ധം ഏറ്റവും ഊഷ്മളമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം (വെളിപ്പാട് 14:13).

ഇതു പരിഗണിക്കുക: എല്ലാവരും അല്ലെങ്കിൽ, മിക്കപേരും, മരിച്ച നീതിമാന്മാർ നേരെ സ്വർഗത്തിൽ പോകുന്നുവെന്നും ലൂക്കൊസ് 16:19–31 വിവരിക്കുന്നത് ക്രൂശിനു മുൻപു ജീവിച്ചിരുന്നവരുടെ കാര്യമാണെന്നും വിശ്വസിക്കുന്നു. ഇതു മനസിൽ വെച്ചുകൊണ്ട്, സഭാപ്രസംഗി 12:7 നോക്കുക, അവിടെ ശലോമോൻ പറയുന്നു, മരിക്കുമ്പോൾ, "പൊടി [ഭൗതിക ശരീരം] പണ്ടായിരുന്നതുപോലെ ഭൂമിയിലേക്കും, ആത്മാവ് അതു നൽകിയ ദൈവത്തിലേക്കും ചേരും." വിവേവചന ബുദ്ധിയോടെ 2 കൊരിന്ത്യർ 5:8 ഉം ഫിലിപ്പിയർ 1:23 ഉം നോക്കി, യേശു ക്രൂശിൽ മരിക്കുന്നതിന് മുൻപ് തന്നെ മരിച്ച നീതിമാന്മാരുടെ ആത്മാക്കൾ സ്വർഗത്തിലേക്ക് പോയി (ദൈവത്തോടുകൂടെ) എന്നു തീർച്ചയാക്കാം. അത്തരം ഒരു ഭാഷയാണ് സഭാപ്രസംഗി 12:7–ൽ ഉപയോഗിച്ചിരിക്കുന്നതെന്ന് നാം തീർച്ചയാക്കിയാൽ, അതെ ഭാഷ തന്നെയാണ് പൗലൊസ് 2 കൊരിന്ത്യർ 5:8 ലും ഫിലിപ്പിയർ 1:23 ലും ഉപയോഗിച്ചിരിക്കുന്നത് എന്ന് നമുക്ക് തീർച്ചയാക്കേണ്ടി വരികയില്ലേ?

പ്രസംഗത്തിൽ പറഞ്ഞതുപോലെ, "മരിച്ചവർ എവിടെ?" എന്നതിന് അവർ നേരിട്ടു സ്വർഗത്തിലേക്കുപോകുമെന്ന വിശ്വാസത്തിനു തടസം എന്തെന്നാൽ, ഒരളവു വരെ അത് ന്യായവിധി ദിവസത്തെ കുറിച്ചുള്ള ബൈബിൾ ഉപദേശത്തെ അസാധുവാക്കി മാറ്റുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഒരാൾ പറഞ്ഞു, ക്രിസ്തുവരുമ്പോൾ ഒരു ന്യായവിധി ദിവസത്തിനു പകരം, ഓരോരുത്തരും, മരിക്കുമ്പോൾ തന്നെ അവനവന്റെ "ന്യായവിധി" നേരിടുന്നു. ന്യായവിധി ദിവസത്തെ കുറിച്ച് ഇപ്പോൾ ചർച്ച ചെയ്യുന്നതിന് സ്ഥലം അനുവദിക്കുന്നില്ല, എന്നാൽ പരിഗണിക്കേണ്ട ചില വേദഭാഗങ്ങൾ ഇതാ:

(1) ബൈബിളിൽ പ്രത്യേകദിവസമായി ന്യായവിധി ദിവസത്തെ പറ്റി പറയുന്നുണ്ട് (മത്തായി 10:15; 11:22, 24; 12:36; 2 പത്രൊസ് 2:9; 3:7; 1 യോഹന്നാൻ 4:17), അന്ന് "മഹാദിവസത്തിന്റെ വിധിയായിരിക്കും" (യൂദാ 6). "താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസം നിശ്ചയിച്ചു" (പ്രവൃത്തികൾ 17:31). ആ പ്രത്യേക ദിവസത്തെ യേശു "അന്ത്യനാൾ" എന്നാണ് വിളിച്ചത് (യോഹന്നാൻ 6:39, 40, 44, 54; 11:24; 12:48).

(2) "തേജസിൽ, തന്റെ സകല ദൂതന്മാരുമായി" കർത്താവ് വരുമ്പോഴാണ് ന്യായവിധി ആരംഭിക്കുന്നത് (മത്തായി 25:31). "[പി]ന്നെ അവൻ തന്റെ തേജസുള്ള സിംഹാസനത്തിൽ ഇരിക്കും" (മത്തായി 25:31). മരിച്ച നീതിമാന്മാരും നീതികെട്ടവരും ഉയർത്തെഴുന്നേൽക്കും (യോഹന്നാൻ 5:28, 29; വെളിപ്പാട് 20:13 നോക്കുക).

(3) എല്ലാവരും സിംഹാസനത്തിന് മുമ്പിൽ നിൽക്കേണ്ടി വരും (വെളിപ്പാട് 20:11, 12; മത്തായി 25:32 നോക്കുക[5]), എല്ലാവരും വിധിക്കപ്പെടും

(വെളിപ്പാട് 20:12, 13). അതിൽ നീതിമാന്മാരും ഉൾപ്പെടും. പൗലൊസ് ക്രിസ്ത്യാനികൾക്ക് എഴുതുമ്പോൾ പറഞ്ഞു, "*എല്ലാവരും* ദൈവത്തിന്റെ ന്യായവിസ്താരമുമ്പാകെ നിൽക്കേണ്ടിവരും" (റോമർ 14:10; എംഫസിസ് മൈൻ). വീണ്ടും അവൻ എഴുതി, ''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് *നാമെല്ലാവരും* ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടതാകുന്നു" (2 കൊരിന്ത്യർ 5:10; എംഫസിസ് മൈൻ).

(4) തന്റെ ന്യായവിസ്താര സിംഹാസനത്തിന് മുമ്പിൽ ജനങ്ങൾ നില്ക്കുമ്പോൾ, യേശു ...

> "... സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും. രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ 'വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ' ... പിന്നെ അവൻ ഇടത്തുള്ളവരോട്, 'ശപിക്കപ്പെട്ടവരേ, എന്നെവിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ' ... ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും" (മത്തായി 25:32-46; വെളിപ്പാട് 20:15; 21:1-4).

മരിച്ചവരുടെ ഇപ്പോഴത്തെ അവസ്ഥയെ നിങ്ങളും ഞാനും വിസമ്മതിച്ചേക്കാം, പക്ഷെ വലിയോരു ന്യായവിധി ദിവസമുണ്ടെന്ന കാര്യത്തിൽ നമുക്ക് യോജിക്കുവാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. "ഭൂമിയിലെ ജീവിതം ആ ഉച്ചസ്ഥായിയിലെ സംഭവത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്."[6]

അവതരിപ്പിച്ച കാഴ്ച്ചപ്പാടിനെ കുറിച്ച് ചോദിക്കുവാൻ കഴിയുന്ന ചോദ്യമണ്, പ്രസംഗത്തിലെ, "മരിച്ചവർ എവിടെ?" എന്നത്. "നഷ്ടപ്പെട്ടവരും രക്ഷിക്കപ്പെട്ടവരും തമ്മിൽ ന്യായവിധിക്ക് മുൻപ് ഒരു വേർതിരിവ് ലൂക്കൊസ് 16 ൽ വിവരിക്കുന്നതുകൊണ്ട്, ന്യായവിധിയുടെ ഉദ്ദേശം എന്താണ്?" ആ പ്രസംഗത്തിലും, മറ്റുള്ളവയിലും ഈ രണ്ടെണ്ണമടക്കം, പല സാധ്യതകളും ഉള്ളതായി ഞാൻ പറഞ്ഞിട്ടുണ്ട്: ന്യായവിധിയുടെ പ്രാഥമിക ഉദ്ദേശം, "നിരപരാധിത്വവും കുറ്റവും നിർണ്ണയിക്കലല്ല [അതു] നീതിയും ശിക്ഷയും നടപ്പാക്കുന്നതിനാണ്."[7] ശരീരം വിട്ടുപോയ ആത്മാക്കളുടെ സന്തോഷകരമായ അല്ലെങ്കിൽ ദുഃഖകരമായ അവസ്ഥ ദൈവത്തിന്റെ ചുമതലയുടെ ഫലമായി ഉണ്ടായതല്ല, മർത്യശരീരത്തിൽ നിന്ന് ഓരോരുത്തരും വിട്ടുപോകുമ്പോൾ അവരവരുടെ ആത്മിയാവസ്ഥ അവനവന് അറിയാമല്ലൊ. വിശ്വാസത്താൽ ഏതുവിധത്തിലുള്ള പ്രയാസം ഇടക്കുള്ള സ്ഥാനത്ത് അനുഭവപ്പെട്ടാലും, നേരിട്ട്-സ്വർഗത്തിൽ പോകുന്ന അവസ്ഥ വെച്ച് നോക്കുമ്പോൾ താരതമ്യേന ലഘുവായിരിക്കും. ആ സ്ഥാനം ഞാൻ മനസിലാക്കുന്നതുകൊണ്ട്, ആത്മാക്കൾ സ്വർഗത്തിൽ പോകുമെന്നാണ് അവകാശപ്പെടുന്നത്, പിന്നീട് അവരെ ന്യായവിസ്താരത്തിന് സിംഹാസനത്തിന് മുൻപിൽ കൊണ്ടുവരും, പിന്നെ അവർ എവിടെയായിരുന്നുവോ,[8] അവിടേക്ക് മടക്കി അയക്കും.

ഞാൻ അവസാനിപ്പിക്കുമ്പോൾ, നാം ജഡത്തിലായിരിക്കുമ്പോൾ, നമുക്ക് മനസിലാക്കാവുന്നതല്ല എന്ന് ഞാൻ വീണ്ടും സമ്മതിക്കുന്നു. വാസ്തവത്തിൽ, ആ വിഷയം എന്നെ വ്യാകുലപ്പെടുത്തുന്നില്ല. മരണത്തിൽ, ഞാൻ എന്റെ കണ്ണുകളടക്കുന്നു, ഞാൻ കണ്ണുതുറന്നു നോക്കുമ്പോൾ, അബ്രഹാമിന്റെ മടിയിലാണെന്ന് തിരിച്ചറിയുമ്പോൾ അതെന്നെ ആഹ്ലാദവാനാക്കും. ഞാൻ കണ്ണു തുറക്കുമ്പോൾ, സ്വർഗത്തിൽ യേശുവിന്റെ കൈകളിലാണെന്ന് കാണുമ്പോൾ ഒരിക്കലും നിരാശപ്പെടുകയില്ല. വാസ്തവത്തിൽ, നന്ദിയോടുകൂടിയ എന്റെ സ്തുതികൾ നിങ്ങൾക്ക് കേൾക്കാം! നിങ്ങളും ഞാനും മരണത്തിനായി *ഒരുങ്ങിയിരിക്കുക* എന്നതാണ് മുഖ്യ കാര്യം, അങ്ങനെയായാൽ, നമ്മുടെ ആത്മാക്കൾ *എവിടെ* ആയിരുന്നാലും, നാം കർത്താവിനോടുകൂടെ ആയിരിക്കും"! ആമേൻ, ആമേൻ.

---

കുറിപ്പുകൾ

[1]"അക്കോമഡേറ്റ്" എന്നതിന്റെ ഒരർത്ഥം "അഡ്ജസ്റ്റ് ടു" എന്നാണ്, ആ ഭാഷ ഇപ്പോൾ "അഡ്ജസ്റ്റ് ടു" എന്നാണ് ഉപയോഗിക്കുന്നത്. [2]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ "ഒരു തിരക്കുള്ള ദിവസം" എന്ന പാഠത്തിലെ മത്തായി 12:29 ലെ പരാമർശങ്ങൾ നോക്കുക. [3]ഈ ലേഖനത്തിനും "മരിച്ചവർ എവിടെ?" എന്ന പ്രസംഗത്തിനുമിടക്ക് അല്പം കാര്യങ്ങൾ ഇടകലർന്നിരിക്കുന്നു, എന്നാൽ മറ്റേതിലില്ലാത്ത വാദമുഖങ്ങൾ ഒന്നിൽ കാണാം. ആ വിഷയത്തെകുറിച്ചു പൂർണ്ണമായ ചർച്ചക്ക് രണ്ട് വിഭവങ്ങളും നോക്കുക. [4]ഉപരിതലത്തിൽ, വൈപരീത്യമുണ്ടെന്ന് തോന്നുന്ന വിധത്തിലാണ് ചില ദൈവശ്വാസിയ എഴുത്തുകൾ. പ്രസ്താവനകൾ യോജിക്കത്തക്കവണ്ണം ശ്രമമൊന്നും നടത്തിയതായി കാണുന്നില്ല. രണ്ടു പ്രസ്താവനകളും സത്യമായിരുന്നു, അതങ്ങനെ തന്നെ വിടുക. അത്തരം പ്രസ്താവനകളെ യോജിപ്പിക്കാതെ അടങ്ങിയിരിപ്പാൻ പാശ്ചാത്യമനസുകൾക്ക് കഴികയില്ല. [5]മത്തായി 25 ലേയും വെളിപ്പാട് 20 ലേയും കാര്യങ്ങൾ താല്ക്കാലിമാണെന്ന് പറഞ്ഞു അവയെ ചിലർ ചുരുക്കുവാൻ ശ്രമിക്കുന്നുണ്ട്. [6]ഡേവിഡ് റോപ്പർ, "റെവെലേഷൻ, 10" *ട്രൂത്ത് ഫോർ ടുഡേ* (നവംബർ 1999), 21. [7]ഡേവിഡ് റോപ്പർ, "പുസ്തകം തുറന്നപ്പോൾ" (ട്രാക്റ്റ്) (പസാഡേനാ, ടെക്സ്.: ഹാൺഡ പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 9. [8]മുൻപ് നാം ശ്രദ്ധിച്ചതുപോലെ, എല്ലാവർക്കും ഒരു ന്യായവിധി ഉണ്ട് എന്നതു നിഷേധിച്ച് കൊണ്ട് ഇതിനെ തള്ളിക്കളയുന്നുണ്ട്, എന്നാൽ ന്യായവിധി ദിവസത്തെകുറിച്ച് ബൈബിൾ വ്യകതമായി പറയുന്നതായി ഞാൻ വിശ്വസിക്കുന്നു.